## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, കോട്ടയം- കോട്ടയം നഗരസഭ- ഓഡിറ്റോറിയം (ഗ്രൂപ്പ്-ഡി) കെട്ടിട നിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 31.12.2018-ലെ PW7-BA/246/18-19 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ C/22/2019/D.Dis** **തീയതി : 21.02.2019**

കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭാ പരിധിയിലുള്ള, കോട്ടയം വില്ലേജിൽ, ബ്ലോക്ക് നമ്പർ 181-ൽ റീസർവ്വേ നമ്പർ 94/1, 132, 16/2, 11, 16, 15 എന്നിവയിൽപെട്ട 4,383 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 1,238.06 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയവും, 2590.11 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയം (ഗ്രൂപ്പ്-ഡി) നിർമ്മിക്കുന്നതിന് കെ.എം.ബി.ആർ-1999-ലെ ചട്ടങ്ങൾക്കും, താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിൻെറ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി., അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ അനുമതി / ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ:-**

1. കെ.എം.ബി.ആർ-1999 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. ഫയർഫോഴ്സിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കിയിരിക്കണം.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
5. ചട്ടം 55(10) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.
6. ചട്ടം 55(12b) മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പുവരുത്തണം.
7. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
8. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
9. ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കണം.
10. പ്ലോട്ടിനോട് ചേർന്ന് അപേക്ഷകന്റെ ഉടമസ്ഥതയിൽ വസ്തു നിലവിലില്ലെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

11. കെ.എം.ബി.ആർ-1999-നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

12. മേൽ അംഗീകാരം, കെട്ടിട നിർമ്മാണം / ഭൂവികസന പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.എം.ബി.ആർ-1999 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കാവൂ

***"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ / വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ."***

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 13/19)**

**സുജാ മത്തായി**
**നഗരാസൂത്രക**

സെക്രട്ടറി. കോടയം നഗരസഭ. (പ്ലാൻ 1 സെറ്റ് സഹിതം).

പകർപ്പ് : 1. വികാർ,
ഹിസ് ഹോളിനെസ് കാത്തോലിക്കോസ് ഓഫ് ദി
ഈസ്റ്റ് മലങ്കര മെട്രോപൊളിറ്റൻ,
മാർ ബസേലിയോസ് മാർ ഗ്രിഗോറിയസ്
ഓർത്തഡോക്സ് ചർച്ച്,
താഴത്തങ്ങാടി പി.ഒ., കോട്ടയം.

2. അധികം- 1.

DESPATCHED
DATE 26/12/19

A/22.02.2019.